# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ:2159 08/12/2014 ൽ മറുപടിയ്ക്ക്

### വനം വകുപ്പിലെ ജീവനക്കാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വനം വകുപ്പിലെ ജീവനക്കാരുടെ ജോലി സമയം എത്ര മണിക്കൂറാണെന്ന് വ്യക്തമാക്കാമോ; ഇത് മറ്റ് വകുപ്പുകളിലേതിന് തുല്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) വനം വകുപ്പിലെ വനസംരക്ഷണ ജീവനക്കാർ മുഴുവൻ സമയം ജോലിക്കാരായതിനാൽ ഇവരുടെ ജോലിയുടെ സ്വഭാവം മറ്റ് വകുപ്പുകളുമായി താരതമ്യം ചെയ്യാൻ സാധിക്കുകയില്ല. |
| ബി) സംസ്ഥാന പോലീസ് സേനയിലും വനം വകുപ്പിലും ശമ്പളേതര ആനുകൂല്യങ്ങളിൽ വ്യത്യാസമുണ്ടോ; എങ്കിൽ ഈ ആനുകൂല്യങ്ങൾ പോലീസ് സേനയിലേതിന് തുല്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;<br>സി) വനം വകുപ്പിലെ ജോലിയുടെ ബുദ്ധിമുട്ട് പരിഗണിച്ച് സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി ശമ്പളപരിഷ്ക്കരണം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി)& (സി) സംസ്ഥാന പോലീസ് സേനയിലും വനം വകുപ്പിലും ശമ്പളേതര ആനുകൂല്യങ്ങളിൽ വ്യത്യാസം നിലവിലുണ്ട്. ശമ്പളേതര ആനുകൂല്യങ്ങൾ തുല്യമാക്കുന്നതിനും വനം വകുപ്പിലെ ജോലിയുടെ ബുദ്ധിമുട്ട് പരിഗണിച്ച് സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുന്നതിനും 10-ാം ശമ്പള കമ്മീഷൻ മുമ്പാകെ വനം വകുപ്പ് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |

(............2)

ഡി) വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് ആവശ്യത്തിന് താമസസൗകര്യവും വാർത്താവിനിമയ സൗകര്യങ്ങളും നിലവിൽ ലഭ്യമാകുന്നില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ ; ഈ അപര്യാപ്തതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

ഡി) വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് ആവശ്യത്തിന് താമസ സൗകര്യവും വാർത്താവിനിമയ സൗകര്യങ്ങളും ലഭ്യമാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് അപര്യാപ്തതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

ഇ) വനം വകുപ്പിൽ ബീറ്റ് ഓഫീസർമാരായി ജോലിയിൽ പ്രവേശിക്കുന്നവരിൽ ഭൂരിഭാഗവും ജോലി ഉപേക്ഷിച്ച് താഴ്ന്ന വേതനത്തിലുള്ള മറ്റ് ജോലികൾ സ്വീകരിക്കുന്നതായുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇതിനിടയായ സാഹചര്യങ്ങൾ കണ്ടെത്തി പരിഹരിച്ച് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഇ) വനം വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നവർ അതിനെക്കാൾ ഉയർന്ന / താഴ്ന്ന തസ്തികയിൽ ജോലി ലഭിക്കുന്നതനുസരിച്ച് അവരുടെ സൗകര്യാർത്ഥം വനം വകുപ്പിൽ നിന്നും വിടുതൽ ചെയ്യാറുണ്ട് . വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയുടെ ജോലി സാഹചര്യവും വനം വകുപ്പിൽ നിന്നും വിടുതൽ ചെയ്ത് മറ്റു ജോലി സ്വീകരിക്കുന്നതിനുള്ള ഒരു കാരണമായി കണ്ടുവരുന്നു. ഇത്തരം സാഹചര്യങ്ങൾ കണ്ടെത്തി വന സംരക്ഷണ സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ